# ശലഭനിരീക്ഷണം

എം. പി. പ്രതീഷ്



ശലഭനിരീക്ഷണം

എം. പി. പ്രതീഷ്
(മലയാളം: കവിത)

© 2025, M. P. Pratheesh

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Photograph by M. P. Pratheesh.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


1 ശലഭനിരീക്ഷണം . . . . . . . . . 4

2 വെള്ളം . . . . . . . . . . . . . . . . . 5

3 സകലം . . . . . . . . . . . . . . . . 6

4 കൂട്ട് . . . . . . . . . . . . . . . . . . . . 7

5 ഇന്ന് . . . . . . . . . . . . . . . . . . 8

6 പ്രാർത്ഥനകൾ—1 . . . . . . . 9

7 പ്രാർത്ഥനകൾ—2 . . . . . . . 10

8 പ്രാർത്ഥനകൾ—3 . . . . . . . 11

9 പ്രാർത്ഥനകൾ—4 . . . . . . . 12

10 അത്ഭുതം ച്ചെ . . . . . . . . . . . 13

11 തീർച്ച . . . . . . . . . . . . . . . . . 14

12 നിലവറ . . . . . . . . . . . . . . . . 15

13 ചന്ദ്രനെ നോക്കിനിൽക്കുന്നു 16

14 കളിസ്ഥലം . . . . . . . . . . . . . 17

15 മുഖം . . . . . . . . . . . . . . . . . . 18

16 പുക . . . . . . . . . . . . . . . . . . 19

17 ഒളി . . . . . . . . . . . . . . . . . . . 20

18 സന്ധ്യകൾ . . . . . . . . . . . . . 21

19 ഒറ്റക്കൊമ്പ് . . . . . . . . . . . . . 22

20 ഭാരം കുറയ്ക്കുന്നു . . . . . . . . . . 23

# 1

# ശലഭനിരീക്ഷണം

പറക്കുമ്പോൾ ചില്ലകളിലിടിച്ച് വീഴുന്നില്ല,
വെളിച്ചം.

## 2

# വെള്ളം

വേഗത്തിൽ താഴ്ന്നുപോവുന്ന
ഭാരം കൂടുതലുള്ളവ
ഭംഗിയുള്ള വാക്ക്
നെൻമണികൾ
കല്ല്
കൊത്തിയ ദൈവത്തിന്റെ ആകാരം
പതുക്കെപ്പതുക്കെ
നാഴികകളോ
ദിവസങ്ങളോ
വർഷങ്ങളോ കൊണ്ട്
മരങ്ങളിൽ തങ്ങിനിൽക്കുന്ന പകലുകൾ
മൃഗങ്ങളുടെ കാൽപ്പാടുകൾ
ഇല
എന്റെയേകാന്തമായ ഉടൽപോലെ
അടിത്തട്ടിലടിഞ്ഞഴുകുന്നതും
മേൽപ്പരപ്പിൽ തെന്നുന്നതും

## 3

# സകലം

എല്ലാത്തിനേയും പൊതിയുന്ന ഒരു ശീല
നിവർത്തി വിരിച്ചുവച്ചു.

ചരങ്ങൾ
അചരങ്ങൾ
പ്രാണനുള്ളതും
മരിച്ചഴുകിയതും

പ്രാർത്ഥന
സങ്കടമുറി
അടുപ്പുകല്ലുകൾ
മരപ്പാലം
കടലാസ്
വിരലറ്റങ്ങൾ

പുതപ്പിനുള്ളിൽ
ഇരുട്ടോ വെളിച്ചമോ
മുഴുവനില്ലാത്തിടത്ത്
പാർക്കാൻ തുടങ്ങി,

സകലം

## 4

# കൂട്

കിളികൾക്ക് കൂടിനെപ്പറ്റിയുള്ള വിചാരം
അതിന്റെ ചെറിയ ഉടലിനുള്ളിൽ
എവിടെയോ ഉണ്ടായിരുന്നു
ഓരോ കോശവും മുറിഞ്ഞുമുറിഞ്ഞ്
ഭൂമിയുടെ നിറം നീലയാകുന്നതിനും
മുമ്പ് തന്നെ
വെള്ളത്തിൽനിന്ന് അത്
കരയിലേക്ക് പോന്നു
അടുക്കളയുടെ അരികിൽ വളരുന്ന
മുള്ളങ്കൈനിയുടെ ഒരു കൊമ്പിൽ അതുണ്ട്
തുവലിനും കനംകുറഞ്ഞ
എല്ലുകൾക്കും ഇടയിൽ

# 5

## ഇന്ന്

മിണ്ടാതിരുന്നു
ഇന്നു മുഴുവൻ
പറക്കുന്നവയും
ഇഴയുന്നവയും
ഒരു മുറിവായിൽനിന്ന്
ചോരച്ചിറപൊട്ടാനൊരുക്കം പോലെ
അനക്കമില്ലാതിരുന്നു

# 6

## പ്രാർത്ഥനകൾ—1

പാടത്തേക്കിറങ്ങുന്ന പറ്റിൽ
ആ മരത്തിന്റെ ചോട്ടിൽ ചെന്നുനിന്നു
അടരായിക്കിടന്നയിലകൾക്ക-
മിലകൾക്ക-
മിലകൾക്ക-
മിലകൾക്കുമിടയിൽ
ഒരുമുറിച്ചന്ദ്രനെ
ത്തിരഞ്ഞുനടന്നു

# 7

# പ്രാർത്ഥനകൾ—2

കുളിമുറിയുടെ ചുവരും തറയും
കഴുകി വെടിപ്പാക്കി
ബ്രഷുകൾ മൂലയിൽ ചാരിവെച്ച്
പൊട്ടിയ കണ്ണാടിയിൽ നോക്കി
അല്പകാലം നിന്നു
തണുത്ത വെള്ളമാണ് ആയുസ്സ്
എന്നു തോന്നി

# 8

# പ്രാർത്ഥനകൾ—3

എല്ലാവരും കാണുന്നതു് തന്നെ ഞാനും കണ്ടു.
വീടു്, അതിന്റെ മേൽക്കൂര, ചുവന്ന നിറം,
മുറ്റത്തുനിൽപ്പുള്ള മനുഷ്യർ,
ചെടികൾ, ജനാലകൾ, പുക.
ആ വീടുകെട്ടിയ മണ്ണിൽ ഒരാളുടെ
ദേഹമഴുകിയതു്.

# 9

# പ്രാർത്ഥനകൾ—4

സൂര്യന്റെ ഏകാന്തത എന്നെ പൊള്ളിക്കുന്നു
അതാണ്, ലോകമുറങ്ങുന്ന ഉച്ചനേരത്ത്
ഞാനുണർന്നിരിക്കുന്നതിന്റെ കാരണം

## 10

# അത്ഭുതം ച്ചെ

കുടം ഇവിടെയുണ്ട്
എവിടെയാണ് ഭ്രൂതം

കുടം ഇവിടെയുണ്ട്
ഭ്രൂതം ഇവിടെയുണ്ട്
എവിടെയാണ് പുകച്ചുരുളുകൾ

കുടം ഇവിടെയുണ്ട്
ഭ്രൂതം ഇവിടെയുണ്ട്
പുകച്ചുരുളുകളുയരുന്നുണ്ട്

എവിടെയാണ്
എവിടെയാണ്
അത്ഭുതത്തിന്റെ മിഴികൾ

# 11

## തീർച്ച

പിന്നെയും ഹോൺ മുഴങ്ങി.

മൂന്നാമത്തെ തവണ
നാൽപ്പത്തിരണ്ടു കൊല്ലത്തിനിടയിൽ

പിഞ്ഞാണത്തിൽ അവശേഷിച്ച വറ്റുകൾ
ഗ്ലാസ്സിലെ വെള്ളം
ധൃതിയിലെണീറ്റ് കൈ കഴുക

ഞാൻ വാതിലിന്റെ കൊളുത്തു നീക്കി

## 12

# നിലവറ

തറയിലെപ്പലക തട്ടിനീക്കി
താഴേക്കുള്ള കോണി കണ്ടു
ടോർച്ചുവെട്ടത്തിലിറങ്ങി
കൽഭരണി
കയറുകെട്ട്
മരപ്പെട്ടികൾ
മൃഗത്തലകൾ
ആയുധങ്ങൾ
കണ്ണാടി
കളിവണ്ടിയും മരക്കുതിരയുടെ കാലുകളും
ശ്വാസം വിടാതെ എന്റെ
കണ്ണിലേക്കുറ്റുനോക്കുന്നു
പൊടിയും പൂപ്പലും മൂടിയ മൂന്ന് കുഞ്ഞുങ്ങൾ
രണ്ടു നൂറ്റാണ്ടു മുമ്പ്
ഈ വീട്ടിനുള്ളിൽ പാർത്തിരുന്ന ഒരപ്പൻ
പൂട്ടിയിട്ട വേനൽക്കാലം
അതിന്റെ കടുത്തുറഞ്ഞ മണം

# 13

# ചന്ദ്രനെ നോക്കിനിൽക്കുന്നു

പാതിരയിലുറങ്ങാതെ പുറത്തിറങ്ങി
ചന്ദ്രനെ നോക്കി നിൽക്കുന്നു, ഒരാൾ

പുകയും പൊടിയും മഞ്ഞും
പറ്റിപ്പിടിച്ച
വെറുമൊരു കല്ല മാത്രമാണത്,
ആരുടേയും ഉളിച്ചുണ്ട് കൊള്ളാതെ,
അങ്ങിങ്ങ് ചുറ്റിക്കറങ്ങുന്നു

ചെളിയിലടിഞ്ഞ ഒരു കോപ്പ
കഴുകി വൃത്തിയാക്കി കൈയിൽ
വെക്കുന്നതു പോലെ
ഒരു തരം വെളിച്ചം അതിന്റെ വക്കിലുണ്ട്

ഇരുൾമേഘങ്ങൾക്കുള്ളിലേക്ക് നീങ്ങി
കാണാതായ ആളുകളും
സ്ഥലങ്ങളും സസ്യങ്ങളും
കടലാസുകളും എനിക്കോർമവന്നു

കഴുകിക്കൊണ്ടിരിക്കെ
ശകലങ്ങളായി തെളിഞ്ഞുതെളിഞ്ഞുവരുന്ന
മുറിവുകളും
ചോരക്കറയും ഉമിനീരും

അയാൾ നിഴലിൽ
അയാൾ പ്രകാശത്തിൽ
നിഴലിൽ അയാൾ
പ്രകാശത്തിൽ
നിഴലിൽ

ചിറകുകൾ മാറിമാറി വീശുന്നതു
കണ്ടുകണ്ട് പതുക്കെ

രാത്രി തീർന്നു കിട്ടുന്നു
കൂടുകളിൽ അനക്കം വെക്കുന്നു

## 14

# കളിസ്ഥലം

നമ്മൾ മരങ്ങൾക്കിടയിൽ കളിച്ചു കൊണ്ടിരിക്കുമ്പോൾ ഒരു സ്ത്രീ ബക്കറ്റുമായി വന്ന്, ഉടുപ്പുകൾ പിഴിഞ്ഞ് വിരിച്ചിടാൻ തുടങ്ങി. നമ്മളിരുന്ന കളിക്കുന്ന പുല്ലിനു മീതെ. നമുക്ക് മീതെ. ഒരു പന്തൽ ഉയർത്തുന്നതു പോലെയായിരുന്നു അത്. നനവ് നമ്മുടെ ദേഹത്ത് പറ്റി. അലക്കു സോപ്പിന്റെ നേർമ്മയുള്ള മണം. അല്ലെങ്കിൽ നീലത്തിന്റെ. അല്ലെങ്കിൽ ഇളം ചൂടുവെള്ളത്തിന്റെ. അതുമല്ലെങ്കിൽ ആ സ്ത്രീയുടെ കൈകളുടേതു തന്നെ. എത്ര നേരമാണു നമ്മൾ തുണിവിരിപ്പിനടിയിൽ നിശ്ശബ്ദരായി ഒതുങ്ങിയിരിക്കുക? അവസാനം നമ്മളെഴുന്നേറ്റ് ഓടിപ്പോന്നു. അന്നേരം ആ സ്ത്രീ വീട്ടിനുള്ളിൽനിന്ന് ഓടി വരുന്നുണ്ട്. എങ്ങുമില്ലാത്ത കാറ്റിനെ ചീത്ത പറയുന്നുണ്ട്. പറമ്പിൽ ചിതറിക്കിടന്ന ഉടുപ്പുകളോരോന്നും വാരിയെടുക്കുന്നുണ്ട്.

## — 15 —

# മുഖം

മരക്കോണിയാണ് കുഴപ്പങ്ങൾക്കു കാരണം. എല്ലാം മുകളിലേക്ക് കയറിപ്പോവുന്നു. കളിപ്പാട്ടങ്ങൾ. കുപ്പായങ്ങൾ. ഉച്ചയുറക്കം. തണുത്ത ചായ. എഴുതിക്കൊണ്ടിരിക്കുന്ന വരികൾ. അല്ലെങ്കിൽ എല്ലാമിറങ്ങി വരുന്നു. മൂർച്ചയുള്ള കൊമ്പ്. വാവലുകൾ. വെളുത്ത മൂടുപടം. പഴകിയ ഇറച്ചിയുടെ ഗന്ധം. വെള്ളം. വക്കുകളില്ലാത്ത ചന്ദ്രൻ. ഈ കോണിച്ചോട്ടിൽ എനിക്കിനി പാർക്കാനാവില്ല. ഭൂമിയിൽ നിന്ന് പോന്ന് ഇത്ര കാലമായിട്ടും ആകാശങ്ങളിലേക്കുള്ള വാതിൽ ഞാൻ കണ്ടെത്തിയിട്ടില്ല. പൂപ്പലും പൊടിയും എന്റെ മുഖം പൊത്തുന്നു.

# 16

## പുക

പന്നിയിറച്ചി ഉണങ്ങുന്നതാണ് കണ്ടത്. അടുപ്പിന് മീതെ. അലകിൽ വിരിച്ചിട്ട ഇറച്ചി. അവർ അവിടം വരെ വരുന്നുണ്ട്. താഴോട്ടിറങ്ങില്ല. എങ്കിലും ഞാനെല്ലാം അറിയുന്നു. തൊടാനാവാത്ത അകലത്ത്. കേൾക്കുന്നു, അവരുടെ എല്ലാ പിറുപിറുപ്പുകളും. തീയണച്ച് വിയർത്ത് കുളിക്കാൻ കിണറ്റുകരയിലേക്ക് നീങ്ങുമ്പോൾ അവർ പുരപ്പുറത്തിരുന്ന് എന്നെ നോക്കുന്നു. ശരീരമില്ലെങ്കിലും അവർ തമ്മിൽത്തമ്മിൽ തൊടുന്നതും ഉമ്മവെക്കുന്നതും എനിക്കു കാണാം. കിണറ്റിൽ എല്ലാ ലോകങ്ങളുടെയും പ്രതിബിംബമുണ്ട്. എന്റെ നനഞ്ഞ ദേഹത്തും മണ്ണിലും.

# 17

## ഒളി

മുറ്റത്ത് കിടന്ന പ്ലാസ്റ്റിക് പന്ത് മെല്ലെ നീങ്ങി യുരുണ്ട് കുറച്ച് മാറിക്കിടന്നു. അനക്കമറ്റു. ഞാൻ ആ കാറ്റിനെപ്പറ്റി വിചാരിച്ചു. എന്റെ ഉള്ളു വായിച്ചു കൊണ്ട് അവർ കിണറ്റുവക്കിൽ മറഞ്ഞുനിന്ന് ചിരിക്കുന്നു.

## 18

# സന്ധ്യകൾ

വിരിച്ചിട്ട ഈ തുണിയുടെ ഇപ്പുറത്തു നിന്ന് നോക്കുമ്പോൾ മറുവശത്ത് മനുഷ്യരാരുമില്ല. പ്രേതങ്ങളുമില്ല. ചെടികളും പൂമ്പാറ്റകളും സംസാരിക്കാൻ തുടങ്ങിയ കാലമല്ല. മരങ്ങൾ വിരലുകൾ കൊണ്ട് ഓരോന്ന് പിടിച്ചുവലിക്കാൻ തുടങ്ങിയിരുന്നുമില്ല. തുണിയുടെ ഈ വശത്തുനിൽക്കുമ്പോൾ ഞാൻ ജീവിച്ചിരിപ്പുണ്ടോ മരിച്ചുപോയിരിക്കുമോ എന്ന് ഓർമ കിട്ടാതെയായി. തുണി ഉണങ്ങിക്കൊണ്ടിരുന്നു. നേരമിരുട്ടാൻ തുടങ്ങുകയാണ്. മനുഷ്യർ വരാൻ തുടങ്ങുന്നതിനുമുമ്പ് ഞാൻ വീട്ടിനുള്ളിലേക്ക് ഓടിപ്പോയി.

## 19

# ഒറ്റക്കൊമ്പ്

അഴിഞ്ഞു കിടക്കുന്ന
വാതിൽപ്പടവിൽ,

കൂർത്ത ഒരറ്റത്തു ചോര കത്തുന്ന
ഒരറ്റത്തു രോമവുമിറച്ചിയും
പാതിരാപ്പുഴപ്പ്

ഇണയുടെയുടലിലോ
മരത്തിലോ
മണ്ണിലോ പാറക്കെട്ടിലോ

ഉരഞ്ഞുരഞ്ഞ്
ഇരുൾച്ചാരനിറം പിടിച്ച
കട്ടിയുള്ള ഗന്ധങ്ങൾ തീണ്ടി
ദൃഢമായ
ഒറ്റക്കൊമ്പ്
അതിന്റെ വായറ്റത്തു കാടിന്റെ തുടവഴപ്പ്

ഞാനെന്റെ കാതിൽ വെച്ചു,
കാറ്റിന്റെ ചുഴലിവിത്തുകൾ പൊട്ടുന്ന
ഉള്ളിലേക്കതിൻ പിരിയൻ വഴി
തിരഞ്ഞുതിരഞ്ഞു പോകുന്ന
നഗ്നൻ,
കുനിഞ്ഞ മുതുകെല്ല പതുക്കെ നിവർത്തുന്ന
വിറയോടെ
ഈ വാതിൽക്കൽ ഞാൻ
എന്റെ മുറിഞ്ഞ രാത്രി


## 20

# ഭാരം കുറയ്ക്കുന്നു

നേർത്ത ചെറു കൊമ്പുകളും രണ്ടു ചിറകുകളും
ഇവിടെയഴിച്ചു വെച്ച് ആ പ്രാണി മടങ്ങിപ്പോയി.

□

## എം. പി. പ്രതീഷ്



കവി. ആവിയന്ത്രം, മീൻ പാത, കവിതയുടെ പുസ്തകം, മണ്ണും വെള്ളവും, സങ്കടപ്പുസ്തകം, പിറവെള്ളം, ദേശാടനങ്ങൾ തുടങ്ങി ഏഴ് കാവ്യസമാഹാരങ്ങൾ. ഇലകളും ചിറകുകളും, മുറിവുകളുടെയും ആനന്ദത്തിന്റെയും പുസ്തകം, വിത്തുമൂട, പാർപ്പിടങ്ങൾ എന്നിവ മറ്റു രചനകൾ.

## എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക

ഈ കൃതി കൊള്ളാമെന്ന് തോന്നിയാൽ ചുവടെ ചേർത്തിട്ടുള്ള ക്യൂ ആർ കോഡ് വഴി വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തു രൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്. ഇതിലൂടെ സ്വതന്ത്ര പ്രകാശനത്തിലേയ്ക്ക് കൂടുതൽ എഴുത്തുകാരെ ആകർഷിക്കുക. എഴുത്തുകാർക്ക് ഇടനിലക്കാരില്ലാതെ നേരിട്ട് സാമ്പത്തിക സഹായം നൽകി അറിവ് സ്വതന്ത്രമാക്കാൻ സഹായിക്കുക.

P Pratheesh mp

UPI ID: mppratheesh87-1@okhdfcbank

Scan to pay with any UPI app

### Download QR Code

കൂടുതൽ വിവരങ്ങൾ അടുത്ത താളിൽ (പിൻകുറിപ്പിൽ).


# പിൻകുറിപ്പ്

സായാഹ്ന എഴുത്തുകാർക്ക് പ്രതിഫലം നല്കുന്നുണ്ടോ എന്നത് പല വായനക്കാരും എഴുത്തുകാരും നിരന്തരം അന്വേഷിക്കുന്ന കാര്യമാണ്. ഇല്ല. ഒരു സ്വതന്ത്ര പ്രസാധന സംരംഭം എന്ന നിലയ്ക്ക് അതിനു കഴിയില്ല, അതു ശരിയുമല്ല എന്നാണ് സായാഹ്ന കരുതുന്നത്. എന്നാൽ, ഡിജിറ്റൽ കാലത്ത് നമുക്ക് മറ്റൊരു രീതി അവലംബിക്കാവുന്നതാണ്.


ഒരു കൃതി വായിച്ചുതീരുമ്പോൾ അതു കൊള്ളാമെന്നും ഇതെഴുതിയ ആൾക്ക് എന്തെങ്കിലും പ്രതിഫലം നല്കേണമെന്നും തോന്നിയാൽ അതേ കൃതിയിൽ കാണുന്ന ലിങ്ക് വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തുരൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്.

പകർപ്പവകാശം കഴിഞ്ഞ കൃതികളെ സംബന്ധിച്ച് ഈ തുക സായാഹ്നയുടെ അക്കൗണ്ടിലേക്കായിരിക്കും എത്തുക. അത് കൂടുതൽ കൃതികളുടെ ഡിജിറ്റൈസേഷന് വേണ്ടിയായിരിക്കും ചെലവഴിക്കുക.

കൃതിയോടൊപ്പമുള്ള ക്യു. ആർ. കോഡ് സ്കാൻ ചെയ്താൽ ഗൂഗ്ൾ പേ, ഭീംആപ്, തുടങ്ങിയ യുപിഐ ആപ്പുകൾ വഴി ഇഷ്ടാനുസരണം ഗ്രന്ഥകർത്താവിന് നേരിട്ട് പണം അയക്കാവുന്നതാണ്.




അതേ ഫോണിൽ നിന്നുതന്നെയാണ് പണം അയക്കേണ്ടതെങ്കിൽ ക്യൂആർകോഡിന്റെ സ്ക്രീൻഷോട്ടെടുത്ത് ഫോണിന്റെ ഗാലറിയിൽ ആണോ അത് സൂക്ഷിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തുക. ഗൂഗ്ൾ പേ ആപ്പിൽ Scan any QR code എന്ന ഐക്കണിൽ അമർത്തിയാൽ ക്യൂആർ കോഡ് സ്കാൻ ചെയ്യാനുള്ള സ്ക്രീനിൽ വരുന്നു. അതിന്റെ താഴെ Upload from gallery എന്ന ഐക്കണിൽ തൊട്ട് ഗാലറിയിലുള്ള സ്ക്രീൻഷോട്ട് സെലക്ട് ചെയ്യുക. തുക ടൈപ്പ് ചെയ്ത് സാധാരണ മാതിരി പെയ്മെൻറ് നടത്താം.




സ്ക്രീൻഷോട്ടിനു പകരം ഇതേ കൃതിയോടൊപ്പം കൊടുക്കുന്ന ക്യൂആർകോഡിന്റെ ചിത്രം ഡൗൺലോഡ് ചെയ്യുകയും ആവാം.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014